# സമ്പൂർണ്ണ പാർപ്പിട ദൗത്യം
## (ലൈഫ് മിഷൻ)

# ലൈഫ് മിഷൻ

ഈ സർക്കാരിന്റെ ഭരണകാലയളവായ അഞ്ചു വർഷത്തിനുള്ളിൽ സ്വന്തമായി ഭൂമിയുള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവനരഹിതർക്കും മാന്യവും വാസയോഗ്യവുമായ ഭവനം സ്വന്തമായി നൽകുക എന്ന മഹത്തായ ലക്ഷ്യത്തിലേക്കുള്ള യാത്രയാണ് സംസ്ഥാന സർക്കാരിന്റെ നവകേരള മിഷന്റെ ഭാഗമായ "ലൈഫ് – സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി".

# ലക്ഷ്യം

- പലപ്പോഴും പൂർണതയിൽ എത്താൻ ബുദ്ധിമുട്ടുന്ന സാധാരണ പാർപ്പിട പദ്ധതികളുടെ എല്ലാ കുറവുകളും നികത്തുന്ന രീതിയിലും സാധാരണ പാർപ്പിട പദ്ധതികൾ കണ്ടെത്താൻ വിട്ടുപോകുന്ന ഏറ്റവും സാധാരണക്കാരനും ഏറ്റവും അർഹനുമായ ഗുണഭോക്താവിനെ തെരഞ്ഞു കണ്ടെത്തുന്ന രീതിയിലുമാണ് ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നത്.
- ഭവനം എന്നതിനപ്പുറം ജീവിതോപാധിയ്ക്ക് കൂടി സൗകര്യം നൽകിക്കൊണ്ട് രൂപകല്പന ചെയ്യുന്ന മിഷന്റെ ഭവനസമുച്ചയങ്ങൾ സാധാരണക്കാരന്റെ ജീവിതനിലവാരം ഉയർത്തുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനുമുള്ള ലൈഫ് മിഷന്റെ ഉന്നത ലക്ഷ്യത്തിന്റെ ഭാഗമാണ്.

# നിർവഹണ നയം

– ഭൂമിയുള്ളവർക്ക് സാമ്പത്തിക സഹായം നൽകി അവർ നേരിട്ടോ ഏജൻസി മുഖേനയോ ഭവനനിർമ്മാണം നടത്തും

– ഭൂരഹിതരായവർക്ക് എല്ലാവിധ സാമൂഹിക പശ്ചാത്തല സൗകര്യത്തോടും ജീവനോപാധിയോടും കൂടിയ ഭവനസമുച്ചയം/ ക്ലസ്റ്ററുകൾ നിർമ്മിച്ചു നൽകും

# പ്രവർത്തന രീതി

- ഏറ്റവും കുറവ് ഭവനരഹിതരുള്ള ഗ്രാമപഞ്ചായത്തുകളെയും നഗരസഭകളെയും ആദ്യ ഘട്ടത്തിൽ ഭവനരഹിതർ ഇല്ലാത്ത സ്ഥാപനങ്ങൾ  ആക്കുക
- 500ൽ കൂടുതൽ ഭവനരഹിതരുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുക
- 50ൽ  താഴെ ഭവനരഹിതരുള്ളതും 20ൽ താഴെ ഭൂരഹിതരും ഉള്ള  തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിലുള്ള മാതൃക തുടരും
- തോട്ടം മേഖലയിൽ ഉള്ളവർക്ക്  അവിടെ തന്നെ ഭവനങ്ങൾ അനുവദിക്കും

# ഗുണഭോക്താക്കൾ

- ലൈഫ് മിഷന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത് നാലു വിഭാഗങ്ങളിൽ പെട്ടവരെയാണ്.
  - ഭൂമിയുള്ള ഭവനരഹിതർ
  - ഭൂരഹിത ഭവനരഹിതർ
  - പുറമ്പോക്കിലോ, തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ
  - പൂർത്തിയാകാത്തതോ, നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തതോ ആയ ഗുണഭോക്താക്കൾ പൂർത്തിയാകാത്തതോ, നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തതോ ആയ ഗുണഭോക്താക്കൾ

# ഗുണഭോക്താക്കളുടെ മുൻഗണന

- മാനസിക വെല്ലുവിളി നേരിടുന്നവര്/അന്ധര്/ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- 40%ത്തിനു മേൽ അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതരമാരകരോഗങ്ങളുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം /അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ

എന്നിവർക്കാണ് മുൻഗണന

# ഭവനനിർമ്മാണത്തിന് നൽകുന്ന ധനസഹായം

- ജനറൽ വിഭാഗം – 3 ലക്ഷം രൂപ
- പട്ടികജാതി – 4 ലക്ഷം രൂപ
- പട്ടികവർഗ്ഗം – ഭവനനിർമ്മാണത്തിന് ആവശ്യമുള്ള യഥാർത്ഥ തുക
- മത്സ്യബന്ധന മേഖലയിലുള്ളവർ – 4 ലക്ഷം രൂപ
- തോട്ടം മേഖലയിൽ തൊഴിലെടുക്കുന്നവർ – 4 ലക്ഷം രൂപ

# <u>ഭവനത്തിന്റെ വലിപ്പം</u>

- ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങളുടെ വലിപ്പം കുറഞ്ഞത് 350 ചതുരശ്ര അടി ആയിരിക്കും
- സർക്കാർ ഇടപെട്ട് നിർമ്മിക്കുന്ന ഭവനങ്ങളുടെയും കുറഞ്ഞ വലിപ്പം 350 ചതുരശ്ര അടി ആയിരിക്കും
- ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങളുടെ പരമാവധി വലിപ്പം 600 ചതുരശ്ര അടി ആയിരിക്കും

# ഗുണഭോക്താക്കളെ കണ്ടെത്തുന്ന രീതി – ലൈഫ് മിഷൻ സർവ്വേ

- കുടുംബശ്രീ എ.ഡി.എസ്. സംവിധാനത്തെ ഉപയോഗിച്ച് സംസ്ഥാനമൊട്ടാകെ ഒരേ സമയത്ത് ഒറ്റഘട്ടമായി സർവ്വേ
- അടിസ്ഥാന രേഖയായി  കണക്കാക്കുന്നത്
  - 2011ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ ഭവനരഹിതരായി കണ്ടെത്തിയവരുടെ ലിസ്റ്റ്
  - സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ ഭവനപദ്ധതികൾക്കായി അർഹർ എന്ന് കണ്ടെത്തിയ ഗുണഭോക്താക്കളുടെ നിലവിലുള്ള ലിസ്റ്റ്

# ലൈഫ് മിഷൻ സർവ്വേ......തുടർച്ച

- ഈ ലിസ്റ്റുകളിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനാ പ്രക്രിയയാണ് ലൈഫ്  സർവ്വേ

- ഈ ലിസ്റ്റുകളിൽ ഒന്നും ഉൾപ്പെടാത്ത അർഹരായ ഗുണഭോക്താക്കളെ കുടുംബശ്രീ എ.ഡി.എസ്. സംവിധാനത്തെ ഉപയോഗിച്ച് കണ്ടെത്തും

- ഗുണഭോക്താക്കളുടെ കരട് പട്ടിക സംസ്ഥാന തലത്തിലും ഗ്രാമ, ബ്ലോക്ക് ജില്ലാ പഞ്ചായത്ത് തലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രധാന സർക്കാർ ഓഫീസുകളിലും പ്രസിദ്ധീകരിക്കും

- കരട് പട്ടികയിന്മേൽ ആക്ഷേപം ഉന്നയിക്കുന്നതിനും, അപ്പീൽ നല്കുന്നതിനുമുള്ള അവസരം ജനങ്ങൾക്ക് നൽകുന്നുണ്ട്.

# ലൈഫ് മിഷൻ സർവ്വേ......തുടർച്ച

- സർവ്വേ നടത്തുന്നതിന് വ്യത്യസ്തമായ നാലുതരത്തിലുള്ള ഫോറങ്ങളാണ് ഉപയോഗിക്കുന്നത്
  - ഭൂമിയുള്ള ഭവനരഹിതർക്ക് ഫാറം എ
  - ഭൂരഹിതരായ ഭവനരഹിതർക്ക് ഫാറം ബി
  - നിലവിൽ ഒരു ലിസ്റ്റിലും ഉൾപ്പെടാത്ത ഭൂമിയുള്ള ഭവനരഹിതരെ കണ്ടെത്തുന്നതിന് ഫാറം സി
  - നിലവിൽ ഒരു ലിസ്റ്റിലും ഉൾപ്പെടാത്ത ഭൂമിയില്ലാത്ത ഭവനരഹിതരെ കണ്ടെത്താൻ ഫാറം ഡി

# ലൈഫ് മിഷൻ സർവ്വേ.......തുടർച്ച

- സർവ്വേ നടത്തി ശേഖരിക്കുന്ന വിവിധ ലിസ്റ്റിൽ ഉൾപ്പെട്ട വിവരങ്ങളുടെ പത്തു ശതമാനവും, പുതുതായി ഉൾപ്പെടുത്തുന്ന ഗുണഭോക്താക്കളുടെ ഫോറങ്ങൾ പൂർണമായും ഫീൽഡ് തല ഉദ്യോഗസ്ഥരെ ഉപയോഗിച്ച് മേൽ പരിശോധന നടത്തുന്നുന്നതാണ്
- കൂടാതെ ജില്ലാതല ഉദ്യോഗസ്ഥരും 5% സർവ്വേ വിവരങ്ങളുടെ മേൽ പരിശോധന നടത്തുന്നതാണ്

# ലൈഫ് മിഷൻ സർവ്വേ.......തുടർച്ച

- സർവ്വേ വിവരങ്ങൾ അതതു ദിവസം തന്നെ ഡാറ്റാ എൻട്രി ചെയ്യുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ കുടുംബശ്രീ ഐ.ടി. യൂണിറ്റുകളിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്
- ഇപ്രകാരം ഡാറ്റാ എൻട്രി നടത്തി ശേഖരിക്കുന്ന വിവരങ്ങൾ ഒന്നാംഘട്ടത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിലും പിന്നീട് ജില്ലാ തലത്തിലും പ്രസിദ്ധീകരിച്ച് അപ്പീൽ സ്വീകരിക്കുന്നതിന് അവസരം ഒരുക്കിയിട്ടുണ്ട്.

## പൂർത്തിയാകാത്തതോ, വാസയോഗ്യമല്ലാത്തതോ ആയ ഭവനങ്ങളുടെ പൂർത്തീകരണം

- വിവിധ ഭവനപദ്ധതികളിൽ ആനുകൂല്യം ലഭിച്ചിട്ടും ഭവനം പൂർത്തിയാക്കാൻ കഴിയാത്തവർക്കും നിലവിൽ താമസിക്കുന്ന വീട് വാസയോഗ്യമല്ലാത്തവർക്കും പുതിയ ഭവനത്തിന്റെ ആനുകൂല്യം നൽകാൻ കഴിയില്ല.
- മറിച്ച് ആവശ്യമായ പരിഗണന നൽകി നിലവിലുള്ള ഭവനം പൂർണവും വാസയോഗ്യവുമാക്കുകയുമാണ് വേണ്ടത്.
- ഇത്തരം ഗുണഭോക്താക്കൾക്ക് സർവ്വേയുടെ സമയത്ത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്

# പൂർത്തിയാകാത്തതോ, വാസയോഗ്യമല്ലാത്തതോ ആയ ഭവനങ്ങളുടെ പൂർത്തീകരണം........തുടർച്ച

- ഇത്തരം ഗുണഭോക്താക്കളുടെ ഭവനപൂർത്തീകരണത്തിന് ആവശ്യമായ സാങ്കേതിക ഉപദേശം നൽകുന്നതിന് N I T, കോഴിക്കോട്, CET, തിരുവനന്തപുരം എന്നിവരെ മുഖ്യ തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളായി നിയോഗിച്ചിട്ടുണ്ട്.
- കൂടാതെ സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളെയും പോളിടെക്നിക്കുകളെയും Third party technical agency-കളായും നിയോഗിച്ചിട്ടുണ്ട്.
- ഇവരുടെ സഹായത്തോടെ ഇത്തരം ഭവനങ്ങളുടെ പൂർത്തീകരണത്തിനാവശ്യമായ തുകയും സാങ്കേതികവിദ്യയും എത്രയെന്ന് കണ്ടെത്തി ഈ ഭവനങ്ങളെ പൂർണമായും വാസയോഗ്യമാക്കാൻ കഴിയും.

# ഭവനസമുച്ചയങ്ങൾ

- നിലവിൽ  ഭൂമിയില്ലാത്ത ഭവനരഹിതർക്കായി ലൈഫ് മിഷൻ സ്വീകരിക്കുന്ന വ്യത്യസ്തമായ സമീപനമാണ് ഭവനസമുച്ചയങ്ങൾ അല്ലെങ്കിൽ ക്ലസ്റ്റർ ഹൌസുകൾ
- ഭൂരഹിതരായവർക്ക് എല്ലാവിധ സാമൂഹിക പശ്ചാത്തല സൗകര്യത്തോടും ജീവനോപാധിയോടും കൂടിയ ഭവനസമുച്ചയമാണ് നിർമ്മിച്ച് നൽകാൻ ഉദ്ദേശിക്കുന്നത്.
- ഇതിനാവശ്യമായ ഭൂമി സർക്കാർ തലത്തിൽ കണ്ടെത്തും

# വിവിധ ഭവനപദ്ധതികളുടെ സംയോജനം

- നിലവിൽ  വിവിധ വകുപ്പുകൾ മുഖേന ഭവന നിർമ്മാണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു
- ലൈഫ് മിഷൻ സർവേ പൂർത്തിയാക്കി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച് കഴിഞ്ഞാൽ എല്ലാ വകുപ്പുകളുടെയും ഭവന നിർമ്മാണ പദ്ധതികൾക്ക് പ്രസ്തുത ലിസ്റ്റ് ആയിരിക്കും ഉപയോഗിക്കുന്നത്

# സാധനസാമഗ്രികള്, സാങ്കേതികവിദ്യ

- കുറഞ്ഞ നിരക്കിൽ ഭവന നിർമ്മാണം നടത്തുന്ന ഏജൻസികളെ കണ്ടെത്തും
- നിർധനരായ ഗുണഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ സാധനസാമഗ്രികൾ ലഭ്യമാക്കുവാൻ ഉത്പാദകരുടെ സഹകരണം ഉറപ്പാക്കും
- ഗുണഭോക്താക്കളെ സഹായിക്കുന്നതിന് വിവിധ എന്ജിനിയറിങ് കോളേജുകളിലെ സേവന തത്പരരായ വിദ്യാർത്ഥികളുടെ സഹകരണത്തോടെ കുറഞ്ഞ ചെലവിൽ നിർമിക്കാവുന്ന ഭവനങ്ങളുടെ മാതൃകകൾ തയ്യാറാക്കും
- കുടുംബശ്രീ യൂണിറ്റുകൾക്ക് പരിശീലനം നൽകി നിർമ്മാണമേഖലയിൽ അവരുടെ സേവനം പ്രയോജനപ്പെടുത്തും
- പ്രീ-ഫാബ് / പ്രീ-മാനുഫാക്ച്ചറിംഗ് സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തും

# വെബ് സൈറ്റ്

- ലൈഫ് മിഷൻ പ്രവർത്തനങ്ങൾ  സുതാര്യമാക്കുന്നതിനും ഫീൽഡ് തല പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും **‘www.lifemission.lsgkerala.gov.in’** എന്ന പേരിൽ വിവരവ്യാപനത്തിനുമായി  ഒരു വെബ് സൈറ്റ് ആരംഭിച്ചിട്ടുണ്ട്
- ലൈഫ് മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരാതികള്, വിവരങ്ങൾ എന്നിവ അറിയിക്കുവാൻ ‘lifemissionkerala@gmail.com’ എന്ന ഇമെയിൽ ഉപയോഗപ്പെടുത്താവുന്നതാണ്

# ലൈഫ് മിഷനുമായി ബന്ധപ്പെട്ട പ്രധാന സർക്കാർ ഉത്തരവുകൾ

## സാ.ഉ.(പി) നമ്പർ 41/2016/ആ.സാ.വ തിയ്യതി 28/09/2016

സമഗ്ര കേരള വികസനത്തിനുവേണ്ടി അഞ്ചുവർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന കർമ്മപദ്ധതികൾ പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവ്

## സാ.ഉ.(എം.എസ്) നമ്പർ 160/2016/ത.സ്വ.ഭ.വ തിയ്യതി 08/11/2016

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി – നിർദ്ദേശങ്ങൾ തത്വത്തിൽ അംഗീകരിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവ്

## സ.ഉ(ആർ.ടി) 3569/2016/തസ്വഭവ തിയ്യതി 31/12/2016

സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി – മന്ത്രിതല സമിതി രൂപീകരിച്ച ഉത്തരവ്

## സ.ഉ(ആർ.ടി) 328/2017/തസ്വഭവ Dated 06/02/2017

സമ്പൂർണ പാർപ്പിട സുരക്ഷ പദ്ധതി –മുന്നൊരുക്ക പ്രവർത്തനങ്ങൾ അംഗീകരിച്ച് ഉത്തരവ്

## സ.ഉ(ആർ.ടി) 391/2017/തസ്വഭവ Dated 09/02/2017

സമ്പൂർണ പാർപ്പിട സുരക്ഷ പദ്ധതി – സർവേക്കുള്ള മാർഗ്ഗരേഖ

നന്ദി